

തൃപ്പൂണിത്തുറ സെന്റ് മേരീസ് ഫൊറോന പള്ളിയിലെ
പരിശുദ്ധ മാതാവിന്റെ തേനൊഴുകുന്ന ദിവ്യരൂപം



# റോസ മിസ്റ്റിക്ക
# മാതാവിനോടുള്ള നൊവേന

Rosa Mystica Mathavinodulla Novena
(Malayalam)

First Edition: February 2012
Second Edition: April 2012

Prepared by:
**Rev. Dr. Jose Puthiyedath**
**&**
**P.O. Luise**, Tripunithura.

Songs:
**Smt. Cisy Luise**

Imprimatur :
**Mar Sebastian Adayantrath,**
Aux. Bishop of Ernakulam-Angamaly Archdiocese

Published by :
**Ann Maria Publishers**
Naduvattom P.O., Kalady, Kerala - 683 574

© P.O. Luise

Price: ₹ 5/-

# റോസ മിസ്റ്റിക്ക മാതാവിനോടുള്ള നൊവേന

**Book Available at:**
Marian Bookstall
St. Mary's Forane Church Tripunithura,
Mar Louis, St. Paul and Carmel Book stalls,
Ernakulam, Kerala.

## റോസ മിസ്റ്റിക്ക മാതാവ്

### ലഘു ചരിത്രം

*തിരുനാൾ : ജൂലൈ 13*

1947 മുതൽ 1976 വരെ പരിശുദ്ധ അമ്മ ഇററലിയിലെ മോന്തേക്യാരി എന്ന സ്ഥലത്ത് പിയറിനാ ഗില്ലി എന്ന നഴ്സിന് റോസ മിസ്റ്റിക്ക എന്ന പേരിൽ ദർശനം നൽകുകയുണ്ടായി. തന്റെ വത്സലമാതാവ് പുത്രനായ യേശുവിന് തന്റെ മക്കളെ നേടുവാനുള്ള തീവ്രമായ ആഗ്രഹം കൊണ്ടാണ് അമ്മ റോസ മിസ്ററിക്ക എന്ന പേര് സ്വീകരിച്ചത്. 'മിസ്റ്റിക്ക' എന്ന വാക്കിന്റെ അർത്ഥം അനുഭവത്തിലൂടെ ദൈവത്തെ അറിയുക എന്നതാണ്.

റോസ മിസ്റ്റിക്ക മാതാവ് തന്റെ എല്ലാ ദർശനങ്ങളിലും ജപമാല ചൊല്ലി പ്രാർത്ഥിക്കുവാനും അങ്ങനെ തിന്മയുടെയും അന്ധകാരത്തിന്റെയും ശക്തിക്ക് എതിരായി പോരാടുവാനും നമ്മെ ആഹ്വാനം ചെയ്യുന്നു.

റോസ മിസ്റ്റിക്ക മാതാവിന്റെ സാന്നിദ്ധ്യം വഴിയായി അത്ഭുതാവഹമായ മാററങ്ങൾ പല വ്യക്തികളിലും സംഭവിച്ചിട്ടുണ്ട്. ലോകം നേരിടുന്ന വലിയ പ്രശ്നങ്ങളെ സമചിത്തതയോടെ നേരിടുവാൻ പ്രാർത്ഥനയും, പരിഹാരവും, പരസ്നേഹപ്രവർത്തനങ്ങളുംവഴി യേശുവിന്റെ ജീവിതപാതയിലേക്ക് നമ്മൾ മടങ്ങി വരണമെന്ന് അമ്മ ആഗ്രഹിക്കുന്നു.



## റോസ മിസ്റ്റിക്ക മാതാവിനോടുള്ള നൊവേന

### 1. പ്രാരംഭ ഗാനം

*(നിത്യവിശുദ്ധയാം കന്യാമറിയമേ ...... എന്ന രീതി)*

യേശുവിൻ അമ്മയായ് പാരിൽ വിളങ്ങുന്ന
റോസാ മിസ്റ്റിക്ക മാതാവേ
വാഴ്ത്തുന്നു നിൻ നാമം മോദമോടെന്നെന്നും
പരിമളനാഥേ മാതാവേ (2)

സ്വർഗ്ഗപിതാവിന്റെ വത്സല പുത്രി നീ
പുത്രനാം യേശുവിൻ അമ്മേ (2)
പരിശുദ്ധാത്മാവിന്റെ മണവാട്ടിയാണു നീ
റോസാ പുഷ്പം നീ അമ്മേ ... എന്നും
റോസാ പുഷ്പം നീ അമ്മേ.
(യേശുവിൻ അമ്മയായ് .........)

ജീവിതദു:ഖത്താൽ മാനസം നീറുമ്പോൾ
ആശ്രയമേകിടും അമ്മേ (2)
കൈവിടാതെന്നെ നീ കാത്തുരക്ഷിക്കണേ
അലിവോടെ നിൻ കരതാരിൽ ... എന്നും
അലിവോടെ നിൻ കരതാരിൽ.
(യേശുവിൻ അമ്മയായ് .........)

## 2. പ്രാരംഭ പ്രാർത്ഥന

**കാർമ്മികൻ**: പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂഹം**: ആമ്മേൻ

**കാർമി**: സർവ്വശക്തനും പിതാവുമായ ദൈവമേ, (സമൂഹവും ചേർന്ന്) ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. / ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. / അങ്ങ് ഞങ്ങൾക്ക് നൽകിയിട്ടുളള /എല്ലാ അനുഗ്രഹങ്ങൾക്കുമായി / ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. അങ്ങയുടെ പ്രിയപുത്രനും / ഞങ്ങളുടെ കർത്താവുമായ / ഈശോമിശിഹായുടെ അമ്മയാകുവാൻ / കന്യകാമറിയത്തെ തെരഞ്ഞെടുക്കുകയും / ഉത്ഭവപാപത്തിൽ നിന്നും രക്ഷിക്കുകയും / പ്രസാദവരത്താൽ നിറയ്ക്കുകയും ചെയ്ത കർത്താവേ / ഞങ്ങൾ അങ്ങയെ മഹത്വപ്പെടുത്തുന്നു. / കാനായിലെ കല്യാണവിരുന്നിൽ വച്ച് / അമ്മയുടെ അപേക്ഷ പരിഗണിച്ച് / അത്ഭുതം പ്രവർത്തിച്ച ഈശോയെ, / പരിമളനാഥയായ / പരിശുദ്ധ കന്യകാമറിയം വഴിയായി / ഞങ്ങൾ സമർപ്പിക്കുന്ന ഈ പ്രാർത്ഥന / കരുണാപൂർവ്വം സ്വീകരിച്ച് / ഞങ്ങളെ അനുഗ്രഹിക്കണമേ. ആമ്മേൻ



## 3. മദ്ധ്യസ്ഥ പ്രാർത്ഥന

**കാർമ്മി**: ദൈവമാതാവായ പരിശുദ്ധ കന്യകാമറിയമേ, മനുഷ്യകുലം മുഴുവന്റേയും മാതാവും മദ്ധ്യസ്ഥയും സഹായിയും സംരക്ഷകയുമായ അങ്ങയെ ഞങ്ങൾ വണങ്ങുന്നു. മനുഷ്യകുലത്തെ തിന്മയുടെ സ്വാധീനത്തിൽനിന്നും മോചിപ്പിക്കുന്നതിനുവേണ്ടി ലോകത്തിലെ വിവിധ സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെട്ട് അനുതാപത്തിനും പ്രായശ്ചിത്തത്തിനും പ്രാർത്ഥനയ്ക്കും ആഹ്വാനം ചെയ്യുന്ന പരിശുദ്ധ അമ്മേ അങ്ങയുടെ മാദ്ധ്യസ്ഥത്തിന്റെ ശക്തിയാൽ ഞങ്ങളുടെ ആവശ്യങ്ങളിൽ സഹായിക്കണമേ.

**സമൂഹം**: ആമ്മേൻ

**കാർമ്മി**: പരിശുദ്ധ കന്യകാമറിയമേ, (സമൂഹവും ചേർന്ന്) തന്റെ പുത്രനായ ഈശോയ്ക്ക് / ആത്മാക്കളെ നേടുന്നതിനായി / റോസ മിസ്റ്റിക്ക എന്ന പേരു സ്വീകരിച്ച / അങ്ങയെ ഞങ്ങൾ വണങ്ങുന്നു. / സ്വർഗ്ഗീയ പിതാവിന്റെ / ഏറ്റവും കറയില്ലാത്ത പുത്രിയാണെന്നു സൂചിപ്പിക്കുന്ന / വെള്ള റോസാപുഷ്പവും / ദൈവപുത്രന്റെ അമ്മയാണെന്നു സൂചിപ്പിക്കുന്ന / ചുവന്ന റോസാ പുഷ്പവും / പരിശുദ്ധാത്മാവിന്റെ മണവാട്ടിയാണെന്നു സൂചിപ്പിക്കുന്ന / സ്വർണ്ണനിറത്തിലുള്ള റോസാ പുഷ്പവും / നെഞ്ചിൽ സംവഹിക്കുന്ന മാതാവേ / പ്രാർത്ഥന, അനുതാപം, പരിഹാരം, /



കൂദാശകളുടെ യോഗ്യമായ സ്വീകരണം / എന്നിവ വഴി / ആത്മാവിൽ ശക്തിപ്പെടാനുള്ള കൃപാവരം / അങ്ങേ തിരുക്കുമാരനിൽനിന്നും / ഞങ്ങൾക്ക് വാങ്ങി ത്തരണമേ. / ജപമാല ചൊല്ലി പ്രാർത്ഥിക്കുവാനും / അതുവഴി തിന്മയുടെയും / അന്ധകാരത്തിന്റെയും ശക്തിക്ക് / എതിരായി പോരാടുവാനും / ഞങ്ങളെ ശക്തരാക്കണമേ.

പാപികളുടെ നിത്യനാശത്തിൽ / കണ്ണുനീർ ചിന്തുന്ന മാതാവേ / തെറ്റായ പാതയിലൂടെ സഞ്ചരിക്കുന്ന മക്കൾക്ക് / തങ്ങളുടെ തെററുകളോർത്ത് അനുതപിക്കുവാനും / സുവിശേഷത്തിൽ വിശ്വസിച്ചുകൊണ്ട് / നന്മയുടെ പാതയിൽ ചരിക്കുവാനും / വേണ്ട കൃപാവരം/ വാങ്ങി നൽകണമേ./ ജീവിത ഭാരത്താൽ തളരുന്നവരെയും / ആശ്വാസമില്ലാതെ അലയുന്നവരെയും / മാതൃസ്നേഹത്തിന്റെ കരം നീട്ടി / ശക്തിപ്പെടുത്തണമേ./ ഈ ലോകത്തിന്റെ / കളങ്കമേശാതെ ജീവിക്കുവാനും / പ്രലോഭനങ്ങളെ / ധൈര്യപൂർവ്വം നേരിടുവാനും / ഞങ്ങളെ ശക്തരാക്കണമേ. / എല്ലാററിനുമുപരിയായി / ഇപ്പോൾ ഞങ്ങൾ യാചിക്കുന്ന / പ്രത്യേക അനുഗ്രഹം **/ (പ്രത്യേക ആവശ്യം പറയുക)** അങ്ങയുടെ തിരുക്കുമാരന്റെ സന്നിധിയിൽ ഉണർത്തിച്ച് / ഞങ്ങൾക്ക് സാധിച്ചുതരികയും ചെയ്യണമേ. ആമ്മേൻ.



## 4. സുവിശേഷ വായന

(ഏതെങ്കിലുമൊരുഭാഗം വായിക്കുക)

ലൂക്കാ 1:26-38 / യോഹ 2:1-12 / യോഹ 19:25-27

**കാർമ്മി**: വിശുദ്ധ ലൂക്കാ / യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ സുവിശേഷം.

**സമൂഹം**: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

(വി.ഗ്രന്ഥത്തിൽ നിന്നും സുവിശേഷം വായിക്കുന്നു. വായിച്ചു കഴിയുമ്പോൾ ആവശ്യമെങ്കിൽ ചെറിയൊരു സന്ദേശം നല്കുന്നു.)

## 5. സമൂഹപ്രാർത്ഥന

**കാർമ്മികൻ**: നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടെനിന്ന് റോസ മിസ്റ്റിക്ക മാതാവിനെ ധ്യാനിച്ചുകൊണ്ട് "റോസ മിസ്റ്റിക്ക മാതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ" എന്ന് പ്രാർത്ഥിക്കാം.

**സമൂഹം**: റോസ മിസ്റ്റിക്ക മാതാവേ / ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

**കാർമ്മി**: ഞങ്ങളുടെ അമ്മയായ പരിശുദ്ധ മറിയമേ, അങ്ങയുടെ വിമലഹൃദയത്തിനു പ്രതിഷ്ഠിതരായ ഞങ്ങളേയും ഞങ്ങളുടെ കുടുംബാഗങ്ങളെയും എല്ലാ വിധ ആപത്തുകളിലും അപകടങ്ങളിലും പൈശാചിക ശക്തികളുടെ ഉപദ്രവങ്ങളിൽനിന്നും കാത്തുരക്ഷിക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂഹം**: റോസ മിസ്റ്റിക്ക മാതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

**കാർമ്മി**: പരിശുദ്ധയും നിർമ്മലയുമായ കന്യകാമാതാവേ, വിവാഹജീവിതം നയിക്കുന്ന എല്ലാ ദമ്പതികളും പരസ്പര വിശ്വാസത്തിലും സ്നേഹത്തിലും വളർന്നുവരുവാനും മക്കളെ ഭക്തിതീക്ഷ്ണതയിൽ വളർത്തുവാനും വേണ്ട അനുഗ്രഹത്തിനായി ഞങ്ങൾ യാചിക്കുന്നു.

**സമൂഹം**: റോസ മിസ്റ്റിക്ക മാതാവേ .......

**കാർമ്മി**: നാഥനായ യേശുവിനെ ഉദരത്തിൽ വഹിക്കുവാൻ ഭാഗ്യം ലഭിച്ച പരിശുദ്ധ മറിയമേ, സന്താന സൗഭാഗ്യമില്ലാതെ വിഷമിക്കുന്ന ദമ്പതികൾക്ക് സന്താന സൗഭാഗ്യം ലഭിക്കുന്നതിനുവേണ്ടി ഞങ്ങൾ യാചിക്കുന്നു.

**സമൂഹം**: റോസ മിസ്റ്റിക്ക മാതാവേ .......



**കാർമ്മി**: സ്വന്തമായി ഭവനം ലഭിക്കാതെ ബേത്‌ലഹെമിലെ കാലിത്തൊഴുത്തിൽ ഉണ്ണീയേശുവിന് ജന്മമേകിയ പരിശുദ്ധ മറിയമേ, ഭവനമില്ലാത്തവർക്ക് ഭവനവും ജോലിയില്ലാത്തവർക്ക് ജോലിയും കടബാദ്ധ്യതയിൽപെട്ട് വിഷമിക്കുന്നവർക്ക് ആശ്വാസവും ലഭിക്കുന്നതിനുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം**: റോസ മിസ്റ്റിക്ക മാതാവേ .......

**കാർമ്മി**: ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റേയും മനുഷ്യരുടേയും മുമ്പിൽ പ്രീതിയിലും ഉണ്ണീശോയെ വളർത്തിയ പരിശുദ്ധ മറിയമേ, ഞങ്ങളുടെ മക്കളെ ചീത്തകൂട്ടുകെട്ടുകളിൽനിന്നും ദുഃശ്ശീലങ്ങളുടെ അടിമത്തത്തിൽനിന്നും കാത്തുസംരക്ഷിക്കണമെന്നും ദൈവീകജ്ഞാനത്തിലും ശക്തിയിലും വളർന്നുവരുവാൻ അവരെ അനുഗ്രഹിക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം**: റോസ മിസ്റ്റിക്ക മാതാവേ .......

**കാർമ്മി**: തിരുകുടുംബത്തിന്റെ നാഥയായ പരിശുദ്ധ മറിയമേ, വിവാഹപ്രായം കഴിഞ്ഞിട്ടും പലവിധ കാരണങ്ങളാൽ വിവാഹം കഴിക്കാൻ സാധിക്കാതെ വിഷമിക്കുന്ന യുവതീയുവാക്കൾക്ക് അനുയോജ്യരായ ജീവിതപങ്കാളികളെ ലഭിക്കുന്നതിനുവേണ്ടി ഞങ്ങൾ യാചിക്കുന്നു.



**സമൂഹം**: റോസ മിസ്റ്റിക്ക മാതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

**കാർമ്മി**: ജീവിതത്തിലെ എല്ലാ പ്രതികൂല സാഹചര്യങ്ങളും ക്ഷമാപൂർവ്വം തരണം ചെയ്ത പരിശുദ്ധ മാതാവേ, ഞങ്ങളുടെ അനുദിനജീവിതത്തിലുണ്ടാകുന്ന ബുദ്ധിമുട്ടുകളിലും പ്രയാസങ്ങളിലും അസ്വസ്ഥരാകാതെ സമചിത്തതയോടെ അവയെ നേരിടുവാനുള്ള അനുഗ്രഹത്തിനായി ഞങ്ങൾ യാചിക്കുന്നു.

**സമൂഹം**: റോസ മിസ്റ്റിക്ക മാതാവേ .......

**കാർമ്മി**: വിവിധ രോഗങ്ങളാൽ ആശുപത്രികളിലും വീടുകളിലും കഴിയുന്നവർക്ക് സൗഖ്യം ലഭിക്കുവാനും പരാശ്രയമില്ലാതെ വിഷമിക്കുന്ന വൃദ്ധജനങ്ങൾക്കും അനാഥർക്കും ആശ്വാസം ലഭിക്കുവാനുംവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം**: റോസ മിസ്റ്റിക്ക മാതാവേ .......

**കാർമ്മി**: ബേത്‌ലഹെം മുതൽ കാൽവരിവരെ യേശുവിന്റെ രക്ഷാകരപദ്ധതിയിൽ അവനെ പിൻതുടർന്ന പരിശുദ്ധ മാതാവേ സ്വർഗം ലക്ഷ്യമാക്കിയുള്ള ഞങ്ങളുടെ ജീവിതയാത്രയിൽ വഴിതെററാതെ മുന്നേറുവാൻ ഞങ്ങളെ സഹായിക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂഹം**: റോസ മിസ്റ്റിക്ക മാതാവേ .......



**കാർമ്മി:** നിത്യസമർപ്പിതയായ പരിശുദ്ധ മറിയമേ തിരുസഭയിൽ സമർപ്പിതരായി കഴിയുന്ന എല്ലാ വൈദികർക്കും സന്ന്യാസിനി സന്ന്യാസികൾക്കും ജീവിതവിശുദ്ധിയിൽ നിലനിൽക്കുന്നതിനാവശ്യമായ അനുഗ്രഹം ലഭിക്കുന്നതിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം**: റോസ മിസ്റ്റിക്ക മാതാവേ .......

**കാർമ്മി**: ഓരോരുത്തരുടെയും പ്രത്യേക നിയോഗങ്ങൾ അമ്മയുടെ സന്നിധിയിൽ സമർപ്പിക്കുക.

### 6. കൃതജ്ഞതാപ്രകാശനം

**കാർമ്മി**: പരിശുദ്ധ മാതാവിന്റെ മദ്ധ്യസ്ഥതയാൽ നമുക്കു ലഭിച്ച എല്ലാ അനുഗ്രഹങ്ങളെയും ഓർത്ത് പരിശുദ്ധ മറിയത്തോട് ചേർന്ന് നമുക്കും ദൈവത്തെ സ്തുതിക്കാം.

**മറിയത്തിൻെറ സ്തോത്രഗീതം:** *(ലൂക്കാ 1 : 46 - 55)*
*(സമൂഹവും ചേർന്ന്)*

"എൻെറ ആത്മാവ് / കർത്താവിനെ മഹത്വപ്പെടുത്തുന്നു. എൻെറ ചിത്തം / എൻെറ രക്ഷകനായ /ദൈവത്തിൽ ആനന്ദിക്കുന്നു. / അവിടുന്ന് /തൻെറ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. / ഇപ്പോൾ മുതൽ / സകല തലമുറകളും എന്നെ / ഭാഗ്യവതി എന്നു പ്രകീർത്തിക്കും. / ശക്തനായവൻ / എനിക്കു വലിയ

കാര്യങ്ങൾ ചെയ്തിരിക്കുന്നു, / അവിടുത്തെ നാമം പരിശുദ്ധമാണ്. / അവിടുത്തെ ഭക്തരുടെമേൽ / തലമുറകൾ തോറും / അവിടുന്ന് കരുണ വർഷിക്കും. / അവിടുന്ന് തൻെറ ഭുജംകൊണ്ട് / ശക്തി പ്രകടിപ്പിച്ചു; / ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ / ചിതറിച്ചു. / ശക്തന്മാരെ / സിംഹാസനത്തിൽനിന്നു മറിച്ചിട്ടു; / എളിയവരെ ഉയർത്തി. / വിശക്കുന്നവരെ / വിശിഷ്ട വിഭവങ്ങൾ കൊണ്ട് സംതൃപ്തരാക്കി; / സമ്പന്നരെ / വെറുംകൈയോടെ പറഞ്ഞയച്ചു. / തൻെറ കാരുണ്യം അനുസ്മരിച്ചു കൊണ്ട് / അവിടുന്ന് തൻെറ ദാസനായ / ഇസ്രായേലിനെ സഹായിച്ചു. / നമ്മുടെ പിതാക്കൻമാരായ / അബ്രാഹത്തോടും / അവൻെറ സന്തതികളോടും / എന്നേക്കുമായി ചെയ്ത / വാഗ്ദാനം അനുസരിച്ചു തന്നെ."

## 7. സമാപനാശിർവാദം (വൈദികനുള്ളപ്പോൾ)

**കാർമ്മി**: തന്റെ പ്രിയപുത്രനായ ഈശോമിശിഹായുടെ അമ്മയാകുവാൻ പരിശുദ്ധ കന്യകാമറിയത്തെ തെരഞ്ഞെടുക്കുകയും ഉത്ഭവപാപത്തിൽ നിന്നും രക്ഷിക്കുകയും പ്രസാദവരത്താൽ നിറയ്ക്കുകയും ചെയ്ത ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. തന്റെ അമ്മയായ മറിയത്തെ മനുഷ്യകുലത്തിന് മുഴുവൻ



അമ്മയും മദ്ധ്യസ്ഥയുമായി നൽകിയ മിശിഹാ നിങ്ങളെ അനുഗ്രഹിക്കട്ടെ. ആ അമ്മയുടെ സംരക്ഷണയിൽ നിർമ്മലരും പരിശുദ്ധരുമായി ജീവിക്കുവാൻ അവിടുന്നു നിങ്ങളെ സഹായിക്കട്ടെ.

നിങ്ങളിലും നിങ്ങളുടെ കുടുംബങ്ങളിലും പ്രവർത്തനമണ്ഡലങ്ങളിലും മറിയത്തിന്റെ സംരക്ഷണം നിത്യം നിലനിൽക്കട്ടെ. നിങ്ങളുടെ ആവശ്യങ്ങൾ മറിയത്തിന്റെ പ്രാർത്ഥനവഴി ദൈവം നിങ്ങൾക്കായി സാധിച്ചുതരട്ടെ. എല്ലാവിധ ആപത്തുകളിലും അപകടങ്ങളിലും കഷ്ടതകളിലും ദുരിതങ്ങളിലുംനിന്ന് കർത്താവു നിങ്ങളെ സംരക്ഷിക്കട്ടെ. എല്ലാവിധ പൈശാചികശക്തികളുടെ ഉപദ്രവങ്ങളിലും പ്രവർത്തനങ്ങളിലുംനിന്ന് അവിടുന്നു നിങ്ങളെ കാത്തുസംരക്ഷിക്കട്ടെ. എല്ലാററിനുമുപരി പാപത്തിൽ നിന്നൊഴിഞ്ഞ് ജീവിക്കുവാനും ദൈവസ്നേഹത്തിൽ വളർന്ന് നിത്യസൗഭാഗ്യം പ്രാപിക്കുവാനും ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥവും സംരക്ഷണവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും + എന്നേക്കും.

**സമൂഹം**: ആമ്മേൻ



## വൈദികനില്ലാത്തപ്പോൾ ചൊല്ലാവുന്ന സമാപന പ്രാർത്ഥന

**കാർമ്മി** : ഈശോമിശിഹായുടെ അമ്മയാകുവാൻ പരിശുദ്ധ കന്യകാമറിയത്തെ തെരഞ്ഞെടുത്ത പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. തന്റെ അമ്മയായ മറിയത്തെ മനുഷ്യകുലത്തിന് മുഴുവൻ മാതാവായി നൽകിയ മിശിഹാ നമ്മെ എല്ലാവരേയും അനുഗ്രഹിക്കട്ടെ. അമ്മയുടെ മദ്ധ്യസ്ഥതയിൽ നമ്മൾ സമർപ്പിച്ച പ്രാർത്ഥനകൾ സ്വീകരിച്ച് അവിടുന്നു നമ്മെ അനുഗ്രഹിക്കുകയും പരിപാലിക്കുകയും ചെയ്യട്ടെ. ദൈവഹിതത്തിന് പൂർണ്ണമായി കീഴ്വഴങ്ങിയ പരിശുദ്ധ അമ്മയെ അനുകരിച്ച് ദൈവവചനമനുസരിച്ച് ജീവിച്ചുകൊണ്ട് നിത്യജീവിതത്തിന് അവകാശികളായിത്തീരാൻ മിശിഹാ നമ്മെ സഹായിക്കട്ടെ. റോസ മിസ്റ്റിക്ക മാതാവിന്റെ മാദ്ധ്യസ്ഥവും സംരക്ഷണവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും + എന്നേക്കും.

**സമൂഹം**: ആമ്മേൻ



## 8. സമാപനഗാനം

*(ഈ സമയം കാർമ്മികൻ വിശ്വാസികളുടെമേൽ പനിനീർ തളിക്കുന്നു)*

പരിമളനാഥേ മാതാവേ
വാഴ്ത്തുന്നു നിൻ തിരുനാമം
റോസാ മിസ്റ്റിക്ക മാതാവേ
പാടുന്നു നിൻ സ്തുതിഗീതം (പരിമളനാഥേ ....)

നന്ദിയെഴും നൽസ്തുതി പാടാം
മുദമൊടു ജപമാലയുമേകാം
മിഴിനീർപൂക്കൾ ചേർത്തുകൊരുത്തൊരു
പൂമാലയുമർപ്പിച്ചീടാം (2) (പരിമളനാഥേ ....)

നീയാണമ്മേ മാദ്ധ്യസ്ഥം
നീയാണമ്മേ എൻശരണം
എൻഹൃദയത്തിൽ പരിമളമേകും
പനിനീർപൂവും നീയമ്മേ (2) (പരിമളനാഥേ ....)

താതനും തൻ സൂനുവിനും
റൂഹായ്ക്കും പ്രിയ താരകമേ
ത്രിലോകത്തിൽ ഭാഗ്യമെഴുന്നൊരു
സ്വർണ്ണകിരീടം നീയമ്മേ (2) (പരിമളനാഥേ ..)

★★★

## മാതാവിനോടുള്ള സംരക്ഷണ പ്രാർത്ഥന

ദൈവമാതാവായ പരിശുദ്ധ കന്യകാമറിയമേ, പരിമളനാഥേ, മനുഷ്യകുലം മുഴുവന്റേയും മാതാവും മദ്ധ്യസ്ഥയും സഹായവും സംരക്ഷകയുമാകുവാൻ ദൈവം മുൻകൂട്ടി തെരഞ്ഞെടുത്തിരിക്കുന്ന അങ്ങയെ ഞങ്ങൾ വണങ്ങുന്നു. ഞങ്ങളുടെ കുടുംബത്തിന്റെ മാതാവും സംരക്ഷകയുമായി ഇന്നു ഞങ്ങൾ അങ്ങയെ സ്വീകരിക്കുന്നു. അമ്മേ അങ്ങയുടെ ശക്തമായ സംരക്ഷണത്താൽ ആത്മീയവും ശാരീരികവുമായ എല്ലാ ആപത്തുകളിലും നിന്നും പ്രത്യേകിച്ച് പൈശാചികശക്തികളുടെ ഉപദ്രവങ്ങൾ, പകർച്ചവ്യാധികൾ, പ്രകൃതിക്ഷോഭങ്ങൾ, വാഹനാപകടങ്ങൾ എന്നിവയിൽ നിന്നും, കള്ളന്മാർ, അക്രമികൾ എന്നിവരിൽ നിന്നും ഞങ്ങളെയും ഞങ്ങളുടെ ഭവനത്തെയും സംരക്ഷിക്കണമെ. ഈ ഭവനത്തിൽ വസിക്കുന്ന എല്ലാവരും അങ്ങയുടെ സ്വന്തമായതു കൊണ്ട് എല്ലാ അത്യാഹിതങ്ങളിൽ നിന്നും, ശാരീരിക അസുഖങ്ങളിൽ നിന്നും ഞങ്ങളെ സംരക്ഷിക്കണമെ. ഏററവും പ്രധാനമായി പാപം വർജ്ജിക്കുന്നതിനും എല്ലാക്കാര്യങ്ങളിലും ദൈവേഷ്ടം നിറവേററിക്കൊണ്ട് ദൈവാനുഗ്രഹത്താൽ ജീവിക്കുന്നതിനും എന്നേക്കുമായി അങ്ങേക്കു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഞങ്ങൾ എല്ലാവർക്കുമായി അങ്ങേ തിരുക്കുമാരനോടു പ്രാർത്ഥിക്കണമെ.

ആമ്മേൻ.



**www.tripunithurachurch.com**

തൃപ്പൂണിത്തുറ സെന്റ് മേരീസ് ഫൊറോന പള്ളിയിലെ പരിശുദ്ധ റോസ മിസ്റ്റിക്ക മാതാവിന്റെ ദിവ്യരൂപത്തെക്കുറിച്ചും പള്ളിയിലെ മററു ശുശ്രൂഷകളെയുംകുറിച്ച് അറിയുവാൻ സന്ദർശിക്കുക.

www.tripunithurachurch.com

**www.catholicgk.com**

കത്തോലിക്കാ സഭാ വിശ്വാസികൾ അറിയാനാഗ്രഹിക്കുന്ന വിവിധ വിഷയങ്ങൾ കോർത്തിണക്കി, റവ. ഡോ. ജോസ് പുതിയേടത്തിന്റെ മേൽനോട്ടത്തിൽ ശ്രീ. പി.ഒ. ലൂയിസ് തയ്യാറാക്കി, മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് കാർഡിനൽ ആലഞ്ചേരി ഉദ്ഘാടനം ചെയ്ത കത്തോലിക്കാ പൊതുവിജ്ഞാന വെബ്സൈറ്റിൽ മാതാവിന്റെ തിരുനാളുകളും പ്രത്യക്ഷീകരണങ്ങളും മാതൃവിജ്ഞാന ഗ്രന്ഥങ്ങളും ലഭ്യമാണ്.

ഈ പുസ്തകം നിങ്ങൾക്ക് സൗജന്യമായി ലഭിച്ചതാണെങ്കിൽ ഇതിന്റെ വില സഹായമർഹിക്കുന്ന ഒരു വ്യക്തിക്കു നിങ്ങളുടെ വിഹിതത്തോടൊപ്പം കൊടുക്കുക.

"ദാനധർമ്മം ചെയ്യുന്നതിൽ മടി കാണിക്കരുത്. പാവപ്പെട്ടവനിൽ നിന്നും മുഖം തിരിച്ച് കളയരുത്. അപ്പോൾ ദൈവം നിന്നിൽ നിന്നും മുഖം തിരിക്കുകയില്ല." (തോബിത് 4:7)